# Telephonic Conversation between National Security Adviser and Mr. Jake Sullivan, National Security Advisor of U.S.A

January 27, 2021

## ഭാരതീയ ദേശീയ സുരക്ഷാ ഉപദേഷ്ടാവും അമേരിക്കൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവായ ജെയ്ക്ക് സള്ളിവനുമായുള്ള ടെലിഫോൺ സംഭാഷണം.

ജനുവരി 27, 2021

ദേശീയ സുരക്ഷാ ഉപദേഷദായ ശ്രീ. അജിത് ഡോവൽ അമേരിക്കയിൽ തുല്യ പദവി അലങ്കരിക്കുന്ന ശ്രീ ജെയ്ക്ക് സള്ളിവനുമായി ജനുവരി 27 നു ടെലിഫോൺ സംഭാഷണം നടത്തി. സുരക്ഷാ ഉപദേഷ്ടാവായി നിയുക്തനാക്കപ്പെട്ടതിന് ശ്രീ ഡോവൽ, ശ്രീ സള്ളിവന് ഭാവുകങ്ങൾ അറിയിച്ചു.

മുൻനിര ജനാധിപത്യ രാജ്യങ്ങൾ എന്ന നിലയിൽ, സുതാര്യവും സമഗ്രവുമായ ലോകക്രമത്തിൽ വിശ്വസിച്ചു കൊണ്ട്, തീവ്രവാദ പ്രതിരോധം, നാവിക സുരക്ഷാ, സൈബർ സുരക്ഷാ, ഇൻഡോ -പസഫിക് പ്രവിശ്യയിലെ സ്ഥിരതയും സമാധാനവും എന്നിങ്ങനെ പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളിൽ ഇന്ത്യയും അമേരിക്കയും തമ്മിൽ സഹകരണത്തോടെ പ്രവർത്തിക്കണമെന്ന് സുരക്ഷാ ഉപദേഷ്ടാവായ ഡോവൽ അടിവരയിട്ടു സൂചിപ്പിച്ചു.

ഉഭയകക്ഷി അജൻഡ , പൊതുവായ ആഗോള പ്രതിസന്ധികൾ എന്നിവയിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനായി അമേരിക്ക പ്രതീക്ഷിക്കുന്നുവെന്നും ഉപദേഷ്ടാവ് സള്ളിവൻ പ്രസ്താവിച്ചു.

സമാനമായ മൂല്യങ്ങളും നയതന്ത്ര സുരക്ഷാ താല്പര്യങ്ങളും അടിസ്ഥാനമാക്കി ഇന്ത്യ അമേരിക്ക ബന്ധങ്ങൾ കൂടുതൽ വികസനങ്ങൾക്കായി പ്രവർത്തിക്കുന്നതാണെന്ന് ഇരു നേതാക്കളും സമ്മതിച്ചു. കോവിഡിന് ശേഷമുള്ള ലോകത്തിലെ പ്രതിസന്ധികൾ നേരിടുന്നതിനും സമഗ്ര ആഗോള നയതന്ത്ര പങ്കാളിത്തം കൂടുതൽ വിപുലീകരിക്കുന്നതിനും സഹകരിച്ചു പ്രവർത്തിക്കണമെന്നും അവർ ചൂണ്ടിക്കാണിച്ചു.

ന്യൂ ഡൽഹി
27 ജനുവരി, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.